# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 മേയ് 19 വൈകുന്നേരം 3.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. രാജൻ ഖോബ്രാഗാഡെ

കേരളത്തിൽ ഇന്ന് 12 പേർക്ക് രോഗം സ്ഥിരീകരിച്ച് ചികിത്സയിലാണ്. 72000 പേർ നിലവിൽ നിരീക്ഷണത്തിലാണ്. ഇവരിൽ 71545 പേർ വീടുകളിലും, 455 പേർ ആശുപത്രികളിൽ നിരീക്ഷണത്തിലാണ്. ഇതുവരെ 46958 സാമ്പിളുകൾ പരിശോധിച്ച് 45527 സാമ്പിളുകളുടെ പരിശോധനാഫലം നെഗറ്റീവാണ്. ലോകത്താകമാനം 4696849 കേസ്സുകളും 315131 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 101139 കേസ്സുകളും 3163 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേരളത്തിൽ 642 കേസുകളും മൂന്ന് മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 497 പേർ രോഗമുക്തി നേടി. നിലവിൽ 142 പേർ രോഗം സ്ഥിരീകരിച്ച് ചികിത്സയിലാണ്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. 24 മണിക്കൂറിൽ 1297 സാമ്പിളുകൾ പരിശോധിച്ചതിൽ 12 സാമ്പിൾ പോസിറ്റീവ് ആയി. എയർപോർട്ട്, സീ പോർട്ട്, റെയിൽവേ, റോഡ് മാർഗ്ഗങ്ങൾ വഴി കേരളത്തിൽ എത്തിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് അവതരിപ്പിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെ ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. പി സി ആർ കിറ്റുകൾ 72462 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റ് 106490 ഡാക്രോൺ സ്വാബ് 97504 സ്റ്റോക്കുണ്ട്. അബുദാബിയിൽ നിന്നുവന്ന വിമാനത്തിലുള്ള യാത്രക്കാരിൽ രോഗം സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആ വിമാനത്തിലെ യാത്രക്കാരുടെ സാമ്പിളുകൾ ശേഖരിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. കൂടാതെ മാലിദ്വീപിൽ നിന്ന് വന്ന കപ്പലിലും രോഗം സ്ഥീരീകരിച്ച സാഹചര്യത്തിൽ അതിൽ നിന്നുവന്ന യാത്രക്കാരുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനു തീരുമാനമായിട്ടുണ്ട്.

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. കെ. ഇളങ്കോവൻ ഐ എ എസ്

മെയ് 7 മുതൽ 18 വരെ 26 വിമാനങ്ങളും 3 കപ്പലുകളും കേരളത്തിൽ എത്തിയിട്ടുണ്ട്. ആകെ 6054 പേർ എത്തി. ഇതിൽ 3305 പേർ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിനും 2749 പേർ വീടുകളിൽ നിരീക്ഷണത്തിലുമാണ്. ഇതിൽ 931 ഗർഭിണികളും എത്തി. മെയ് 19 മുതൽ ജൂൺ 2 വരെ 34 വിമാനങ്ങൾ എത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ജൂൺ 3 മുതൽ വിമാനങ്ങളുടെ എണ്ണം കൂടുമെന്നാണ് അറിയിച്ചിട്ടുള്ളത്.

## വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ

കേന്ദ്ര ഉത്തേജക പാക്കേജിൽ ആരോഗ്യ മേഖലയ്ക്കുള്ള പദ്ധതികൾ നിരാശാജനകമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പത്രസമ്മേളനത്തിൽ പറഞ്ഞിരുന്നു.

കേന്ദ്രസർക്കാർ ഇപ്പോൾ ദേശീയ വരുമാനത്തിന്റെ കേവലം 1.1% മാത്രമാണ് ആരോഗ്യമേഖലക്കായി ചെലവിടുന്നത്. കേന്ദ്ര ആരോഗ്യ നയപ്രകാരം 3 ശതമാനം ആരോഗ്യമേഖലക്ക് നീക്കി വക്കേണ്ടതാണ്. ദേശീയവരുമാനത്തിന്റെ 110 ശതമാനമായ 20 ലക്ഷം കോടിയുടെ ഉത്തേജക പാക്കേജിൽ ഒരു ശതമാനം ആരോഗ്യമേഖലയ്ക്ക് വകയിരുത്തിരുന്നെങ്കിൽ 2 ലക്ഷം കോടി വരുമായിരുന്നു. എന്നാൽ അനുവാദിച്ചതോ കേവലം 15,000 കോടി മാത്രം.

കോവിഡ് നിയന്ത്രണത്തിന് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയാണെന്ന് കേന്ദ്രസർക്കാരും, മറ്റ് സംസ്ഥാന സർക്കാരുകളും അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുന്നതിനും, കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിനും കേരളത്തിന് പ്രത്യേക ഫണ്ട് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്.

ഹ്രസ്വകാല-ദീർഘകാല ആരോഗ്യ പദ്ധതികൾ നടപ്പിലാക്കാൻ കേരള കോവിഡ് പാക്കേജ് കേരള സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നത് പരിഗണിക്കേണ്ടതാണ്. പാക്കേജിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

- കേരളത്തിന്റെ സുസജ്ജമായ പൊതുജനാരോഗ്യ സംവിധാനമാണ് കോവിഡ് നിയന്ത്രണം വിജയിപ്പിക്കുന്നതിൽ പ്രാധാന പങ്ക് വഹിച്ചത്. ആർദ്രം മിഷനിലൂടെ കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ ശ്രമിച്ച് കൊണ്ടിരിക്കേയാണ് കോവിഡും, അതിനു മുൻപ് പ്രളയവും നേരിടേണ്ടി വന്നത്. ഇതെല്ലാം പരിഗണിച്ച് ആർദ്രം മിഷൻ മുന്നോട്ട് കൊണ്ട് പോകാൻ ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം, ഇ-ഹെൽത്ത് പദ്ധതി ഇവ പൂർത്തിക്കരിക്കാൻ ഫണ്ട് അനുവദിക്കേണ്ടതാണ്.
- കോവിഡ് നിയന്ത്രണത്തിൽ കേരളത്തിലെ മെഡിക്കൽ കോളേജുകൾ വലിയ പങ്ക് വഹിച്ചു. കോവിഡ് രോഗികളെ ചികിത്സിക്കുന്നതിനുള്ള പ്രത്യേക കോവിഡ് ആശുപത്രികൾ മെഡിക്കൽ കോളേജുകളിലാണ് പ്രധാനമായും സംഘടിപ്പിച്ചിട്ടുള്ളത്. നിരവധി മെഡിക്കൽ കോളേജുകളിൽ കോവിഡ് ടെസ്റ്റിംഗ് സെന്ററുകൾ ആരംഭിച്ചു. കേരളത്തിൽ പിന്നാക്ക ജില്ലകളായ കാസർഗോഡ്, ഇടുക്കി, വയനാട് അടക്കമുള്ള ജില്ലകളിൽ പ്രാരംഭ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കേന്ദ്രം സാമ്പത്തിക സഹായം നൽകേണ്ടതാണ്.
- ആരോഗ്യ ഗവേഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് ആരംഭിച്ചിട്ടുള്ള കേരള ആരോഗ്യ സർവകലാശാലയുടെ കീഴിൽ സെന്റർ ഫോർ എപ്പിഡമിയോളജി ആന്റ് പബ്ലിക്ക് ഹെൽത്ത് (Centre for Epidmiology and Public Health) സ്ഥാപിക്കാൻ

കേന്ദ്രം സഹായിക്കേണ്ടതാണ്. ഇതിനെ അമേരിക്കയിലെ സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ മാതൃകയിൽ കേന്ദ്രസഹായം കൂടിയുണ്ടെങ്കിൽ വികസിപ്പിച്ചെടുക്കാൻ കഴിയും.

- ആലപ്പുഴയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഇൻഫെക്ഷ്യസ് ഡിസീസ് ഇൻസ്റ്റിറ്റ്യൂട്ട് (Institute of Infectious Diseases) ഇന്ത്യയിലെ മികച്ച പകർച്ചവ്യാധി പഠന ഗവേഷണം കേന്ദ്രമായി വികസിപ്പിച്ചെടുക്കാൻ കേന്ദ്ര സഹായിക്കേണ്ടതാണ്.
- ആരോഗ്യ വകുപ്പിന് പുറമേ, കോവിഡ് നിയന്ത്രണത്തിൽ ഏറ്റവും വലിയ പങ്ക് വഹിച്ച കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട് അർഹിക്കുന്നുണ്ട്. ജി എസ് ടി നടപ്പിലാക്കിയതിനെ തുടർന്ന് തനത് ഫണ്ട് കുറയുകയും കോവിഡ്, പ്രളയാനന്തര ദുരന്ത ആവശ്യങ്ങൾക്കായി ഫണ്ട് നീക്കി വയ്ക്കുകയും ചെയ്യേണ്ടി വന്നതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.
- ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള പൊതുമേഖല ഔഷധ കമ്പനികൾ മുരടിച്ച് നിൽക്കുന്ന സാഹചര്യത്തിൽ ഏറ്റവും മികച്ച നിലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഏക പൊതു മേഖല ഔഷധകമ്പനിയായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ എസ് ഡി പി എൽ) കൂടുതൽ വികസപ്പിക്കുന്നതിനായി ഫണ്ട് അനുവദിക്കേണ്ടതാണ്.
- കോവിഡുമായി ബന്ധപ്പെട്ട പി പി ഇ കിറ്റുകൾ, വെന്റിലേറ്ററുകൾ എന്നിവ വികസിപ്പിച്ചെടുക്കാൻ ശ്രമിച്ച് കൊണ്ടിരിക്കുന്ന കേരളത്തിലെ വ്യവസായ സ്റ്റാർട്ട് അപ് സംരംഭകരെ സഹായിക്കാൻ പ്രത്യേക ഫണ്ട് അനുവദിക്കണം.

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി, ശ്രീ. വേണുഗാപാൽ ഐ എ എസ്

റേഷൻ വിതരണം സാധാരണനിലയിൽ നടക്കുന്നുണ്ട്. സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഭക്ഷ്യധാന്യ കിറ്റുകൾ തയ്യാറായിട്ടുണ്ട്. ഇതുവരെ 7829798 പേർക്ക് പലവ്യഞ്ജന കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. നാളെയോടെ ഇതു പൂർത്തീകരിക്കാൻ സാധിക്കും. മെയ് 21 യോടെ കിറ്റുകൾ പൂർണ്ണമായും റേഷൻ കടകളിൽ നിന്നും പിൻവലിക്കാൻ സാധിക്കും. 37000 ത്തോളം ആളുകൾ ഡോണേറ്റ് കീറ്റ് ക്യാമ്പോനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്

## പിന്നോക്ക വിഭാഗ പ്രിൻസിപ്പൽ സെക്രട്ടറി (അന്തർ സംസ്ഥാന അന്താരാഷ്ട്ര യാത്ര സ്പെഷ്യൽ ഓഫീസർ)

ഇന്ന് ഉച്ചയ്ക്ക് 2.30 വരെ **74,426** പേർ കേരളത്തിൽ എത്തി. ഇതിൽ **44,712** പേർ റെഡ് സോണുകളിൽ നിന്നാണ്. ഏറ്റവും കൂടുതൽ ആളുകൾ തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നാണ്. കർണ്ണാടകയിൽ നിന്നും വന്നതിൽ ഒരു ആൾക്കും, മഹാരാഷ്ട്രയിൽ നിന്ന് വന്നതിൽ 21 പേർക്കും തമിഴ്നാട്ടിൽ നിന്നും വന്നതിൽ 24 പേർക്കുമാണ് രോഗം സ്ഥീകരിച്ചിട്ടുള്ളത്. മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ നിന്ന് വന്നവരിൽ ആണ് കൂടുതലായി രോഗം സ്ഥീകരിച്ചിട്ടുള്ളത്. അതിനാൽ ഇവിടെ നിന്ന് വരുന്നവർക്ക് ഇനി പാസ്സ് നൽകണോ എന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടിയിരിക്കുന്നു. നാളെ ഡൽഹിയിൽ നിന്ന് 1304 പേർ അടങ്ങുന്ന ഒരു

ട്രെയിൻ കേരളത്തിലേക്ക് പുറപ്പെടും ഇതിൽ നിന്നുള്ള 891 പേർ യാത്ര നിരക്ക് ഒടുക്കിയിട്ടുണ്ട്. ബംഗളൂരിൽ നിന്നും മറ്റന്നാൾ മുതൽ ദിവസസേന ട്രെയിൻ തുടങ്ങും. ആന്ധ്രപ്രദേശിൽ നിന്നും, ഗോവയിൽ നിന്നും ജാർഖണ്ഡ്, ഒറീസ, എന്നിവിടങ്ങളിൽ നിന്നും ട്രെയിനുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ജമ്മുകശ്മീരിലേക്ക് കേരളത്തിൽ നിന്ന് നാളെ ട്രെയിൻ പുറപ്പെടും. ജയ്പൂരിൽ നിന്നും നാളെ പുറപ്പെടുന്ന ട്രെയിൻ 22-ാം തീയതി കേരളത്തിൽ എത്തും. നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലേക്ക് 22-ാം തീയതിയോടെ ഒരു ട്രെയിൻ കേരളത്തിൽ നിന്ന് പുറപ്പെടും. ആൻഡമാനിൽ നിന്നും 95 കേരളീയരെ കപ്പൽ മാർഗ്ഗം ചെന്നൈയിൽ എത്തിക്കാം എന്ന് അറിയിച്ചിട്ടുണ്ട് എന്നാൽ ഇവരെ ചെന്നൈയിൽ നിന്ന് റോഡ് മാർഗമോ, ട്രെയിൻ മാർഗമോ കേരളത്തിൽ എത്തിക്കേണ്ടിവരും. പഞ്ചാബിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ 22-ാം തീയതി കേരളത്തിൽ എത്തും. ഇതു വരെ 34 ട്രെയിനുകൾ കേരളത്തിൽ നിന്ന് അഥിതി തൊഴിലാളികളുമായി മറ്റു സംസ്ഥാനങ്ങളിലേക്ക് പോയിട്ടുണ്ട്. 44,767 പേർ ഇങ്ങനെ മറ്റു സംസ്ഥാനങ്ങളിലേക്ക് പോയിട്ടുണ്ട്. കേരളത്തിലേക്ക് എത്തുന്നതിനായി പാസ്സ് ആവശ്യപ്പെട്ടിട്ടുള്ളതിൽ കൂടുതലും ഒറ്റപ്പെട്ട അവസ്ഥയിൽ ഉള്ളവരാണോ എന്നതിൽ സംശയമുണ്ട്. ആവശ്യകരിലേക്ക് ഇവ എത്തുനുണ്ടോ എന്നതിൽ സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഈ വിഷയിത്തിലേയ്ക്ക് ഒരു തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. 5000 ത്തോളം മലയാളികൾ നവി മുംബൈയിൽ ഭക്ഷണം ലഭിക്കാതെ കഴിയുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. മഹാരാഷ്ട്രയുമായി ഈ വിവരം ചർച്ച ചെയ്തിട്ടുണ്ട്.

## <u>ഫയർ ആൻഡ് റെസ്ക്യൂ ഡയറക്ടർ ജനറൽ ശ്രീ ഹേമചന്ദ്രൻ ഐ പി എസ്</u>

യഥാർത്ഥത്തിൽ പാസ്സ് ആവശ്യമുള്ളവരിലേക്ക് ഈ വിവരങ്ങൾ എത്തുന്നുണ്ടോ എന്നും, തികച്ചും പാസ്സ് ആവശ്യമുള്ളവർ തന്നെയാണോ, പാസ്സ് മുഖേനെയാണോ കേരളത്തിൽ എത്തുന്നത് എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ഇളവുകൾ കൂടുതൽ പ്രഖ്യാപിച്ചതോടെ ജനങ്ങൾ കൂടുതൽ സജീവമായിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ആളുകളുടെ തിരക്ക് കൂടി എന്നും റിപ്പോർട്ടുണ്ട്. വാഹനങ്ങളിൽ തിരക്ക് വർദ്ധിച്ചു എന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
2. മറ്റ് സ്ഥലങ്ങളിൽ നിന്ന് വരുന്നവരിലാണ് ഇപ്പോൾ രോഗം കൂടുതലായി സ്ഥിരീകരിക്കപെടുന്നത്. ഈ സാഹചര്യത്തിൽ കൂടുതൽ രോഗബാധയുള്ള സ്ഥലങ്ങളിൽ(കണ്ടെയിന്മെന്റ് സോണുകൾ) നിന്ന് വരുന്നവർക്ക് പാസ്സ് കുറച്ചു നാൾ കഴിഞ്ഞ് അനുവദിക്കുന്നത് നന്നാകും. ചില സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ പോലെ ചില പ്രത്യേക സ്ഥലങ്ങളിൽ നിന്നുള്ള ആൾക്കാരെ കടത്തി വിടില്ല എന്ന നിലപാട് നമുക്കെടുക്കേണ്ടതില്ല. **(ചുമതല - ആഭ്യന്തര വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
3. ഇപ്പോഴുള്ള പ്രധാന ഊന്നൽ രോഗവ്യാപനം തടയുക എന്നതാണ്. വിദേശത്ത് നിന്നോ, മറ്റു സംസ്ഥാനങ്ങളിൽ നിന്നോ വന്നവരെ

ക്വാറന്റയിനിൽ നിർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഇത് ഫലപ്രദമാകണമെങ്കിൽ ജനങ്ങൾ ബോധവാന്മാരാകുകയും, അവരുടെ സഹകരണവും അത്യാവശ്യമാണ്. സാമൂഹ്യ ബോധം ഉയർത്തുന്നതിനും, നിലനിർത്തുന്നതിനും നടപടി ആവശ്യമാണ്. വാർഡ്തല സമിതി അംഗങ്ങൾ ആരെങ്കിലും സ്ഥിരമായി വീടുകളിൽ പോകുന്നവരുണ്ടെങ്കിൽ അവർക്ക് അവധി നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. വാർഡ്തല സമിതി, പഞ്ചായത്ത് സമിതി പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ട താണ്. ഇത് ഉറപ്പാക്കിയാലെ നമുക്ക് ഇനിയുള്ള ഘട്ടത്തിൽ വിജയിക്കാനാകൂ. **(ചുമതല - ആരോഗ്യം, തദ്ദേശസ്വയംഭരണ വകുപ്പ്, എല്ലാ ജില്ലാ കള ക്ടർമാർ)**

4. കോടതികളുമായി ബന്ധപ്പെട്ട സർക്കുലറുകൾ ഇറക്കുമ്പോൾ, വിവരങ്ങൾ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/ അഡ്വക്കേറ്റ് ജനറൽ എന്നിവർ വഴി കോടതിയെ മുൻകൂർ അറിയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
5. അതിഥി തൊഴിലാളികളെ പ്രകോപിപ്പിക്കാനും, ഇളക്കി വിടാനും പല സ്ഥലങ്ങളിൽ നിന്നും ഒരു കൂട്ടർ ശ്രമിക്കുന്നുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ആഭ്യന്തര വകുപ്പ്,, എല്ലാ ജില്ലാ കള ക്ടർമാർ)**
6. ജനങ്ങൾ മുഴുവനും മാസ്ക് ധരിക്കുന്നത് പ്രധാനമാണ്. പ്രത്യേകിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ മാസ്ക് ധരിക്കാതെ പോകുന്നുണ്ടോ എന്നത് ശ്രദ്ധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
7. വീടുകളിൽ പോയി പരിശോധന നടത്തുന്നവർ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചിരിക്കണം. നമ്മുടെ വാർഡു സമിതിയുടെ അംഗങ്ങളും, ആരോഗ്യ പ്രവർത്തകരും, എല്ലാ സുരക്ഷാ ക്രമീകരണങ്ങളും പാലിക്കണം. അവർക്ക് രോഗമുണ്ടെങ്കിൽ ഇവർ പ്രശ്നത്തിൽ ആകാൻ സാധ്യതയുണ്ട്. ചില പ്രശ്നങ്ങൾ ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. **(ചുമതല - ആരോഗ്യ വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
8. തിരുവനന്തപുരം നഗരത്തിൽ പി പി ഇ കിറ്റും, എൻ 95 മാസ്കുകളും കുറച്ചുകൂടി ആവശ്യമുണ്ട് എന്ന് റിപ്പോർട്ട് ഉണ്ട്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തേക്കുള്ള പ്രവേശന കവാടങ്ങളിൽ പി പി ഇ കിറ്റും, എൻ 95 മാസ്കും വേണ്ടത്രയില്ല എന്നും റിപ്പോർട്ടിൽ കാണുന്നുണ്ട്. തിരുവനന്തപുരം വിമാനത്താവളത്തിലെ ജീവനക്കാർ സുരക്ഷാ ഉപകരണങ്ങൾ ധരിക്കുന്നില്ല. ശുചീകരണ തൊഴിലാളികളുടെ കാര്യത്തിലും മതിയായ സുരക്ഷ സംവിധാനങ്ങൾ ലഭിക്കുന്നില്ല എന്നും പരാതിയുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ആരോഗ്യവകുപ്പ്, കെ എം എസ് സി എൽ, എല്ലാ ജില്ലാ കള ക്ടർമാർ)**
9. ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഗ്ലൗസ്, മാസ്ക്, പി പി ഇ കിറ്റ് എന്നിവയില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്, കെ എം എസ് സി എൽ)**
10. കൊല്ലം ജില്ലയിൽ കൊട്ടാരക്കര ആശുപത്രിയിൽ പി പി ഇ കിറ്റു ലഭിക്കുന്നില്ല. ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ ആകെ 14 പി പി ഇ കിറ്റു മാത്രമാണ് ഉള്ളത് എന്നും കേൾക്കുന്നു. പത്തനംതിട്ട ജില്ലയിൽ മാസ്ക്, ഗ്ലൗസ്, കമ്പ്യൂട്ടർ, ക്ലീനിംഗ് സ്റ്റാഫ്, വിശ്രമമുറി ഇതിനെയൊക്കെ പറ്റി അപര്യാപ്തത പറയുന്നു. **(ചുമതല - ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കെ എം എസ് സി എൽ)**
11. കോട്ടയം ജില്ലയിലെ കോവിഡ് നിരീക്ഷണ കേന്ദ്രങ്ങളിൽ പി പി ഇ കിറ്റ് ആവശ്യമായത്രയളവിൽ ഇല്ല. ജീവനക്കാർക്കുള്ള മുറി, ആവശ്യത്തിന്

ടോയ്‌ലറ്റ് എന്നിവയുടെ അഭാവവും ചൂണ്ടികാണിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ സ്റ്റാഫ് നഴ്സുമാരുടെ കുറവും, കുമിളി ചെക്ക്പോസ്റ്റിൽ പി പി ഇ കിറ്റുകളുടെ കുറവും ഉണ്ടെന്നു പറയുന്നുണ്ട്. എറണാകുളം റെയിൽവെ സ്റ്റേഷൻ, ആലുവ റെയിൽവെ സ്റ്റേഷൻ, മലപ്പുറം പ്രധാന ചെക്പോസ്റ്റുകൾ എന്നിവിടങ്ങളിൽ പി പി ഇ കിറ്റ് കുറവുണ്ട്. അതുപോലെ പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ മാസ്കുകളുടെ അപര്യാപ്തതയുമുണ്ട്. കോഴിക്കോട് ലക്ഷദ്വീപ് ഗസ്റ്റ് ഹൗസിൽ മാസ്കിന്റെ കുറവുണ്ട് എന്നാണ് പറയുന്നത്. വയനാട്ടിലെ താലൂക്ക് ആശുപത്രിയിൽ ജീവനക്കാർ കുറവാണ് എന്നും കേൾക്കുന്നു. ഈ കാര്യങ്ങൾ പരിശോധിച്ച് നടപടിയെടുക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കെ എം എസ് സി എൽ)**

12. കേരളത്തിലേക്ക് കർണാടകയിൽ നിന്ന് ആളുകളെ പണം വാങ്ങി തിരികെ കൊണ്ട് വരുന്നു എന്ന് നേരത്തെ പറഞ്ഞത് ഇപ്പോഴും അവസാനിച്ചിട്ടില്ല. മംഗലാപുരം സ്വദേശിയായ സിദ്ദിഖ് ആണ് ഇത്തരത്തിൽ ഇടപെട്ടിട്ടുള്ളത്. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ വേണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
13. ആരോഗ്യസേതു ആപ്ലിക്കേഷനിൽ ചില തെറ്റ് സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വാളയാർ ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ചു ജോലി ചെയ്തിരുന്ന രണ്ടുപേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിരുന്നു പക്ഷേ ഈ ആപ്പ് പോസിറ്റീവ് ആയിട്ട് രേഖപ്പെടുത്തി. ഇത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
14. കാസർഗോഡ് ഒരു പഞ്ചായത്ത് മെമ്പർ മഹാരാഷ്ട്രയിൽ നിന്ന് വന്ന ആളെ സ്വന്തം ജീപ്പിൽ വീട്ടിലെത്തിച്ച സംഭവം പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
15. ഇടുക്കി ജില്ലയിലെ ചെക്ക് പോസ്റ്റിൽ തമിഴ്നാട് പോലീസ് ഉദ്യോഗസ്ഥർ ചരക്ക് വാഹനങ്ങളുടെ ഡ്രൈവർമാരിൽ നിന്നും പണം വാങ്ങുന്നതായി വിവരമുണ്ട്. **(ചുമതല - ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർ)**
16. ഒരു എ എസ് ഐ എക്സ്ചേഞ്ച് മാനേജറോട് 5000 രൂപ ആവശ്യപ്പെട്ടതായി മലയാള മനോരമ ദിനപത്രത്തിൽ വന്ന വാർത്ത പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
17. ക്വാറന്റയിനിൽ ഉണ്ടായിരുന്ന ഒരു ഡോക്ടർ വ്യവസ്ഥകൾ ലംഘിച്ച് രോഗികളെ പരിശോധിച്ചു എന്ന വാർത്തയെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കണം. **(ചുമതല - ആരോഗ്യവകുപ്പ്)**
18. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി ഹോമിയോ ഡിസ്പെൻസറിയിലെ ഡോക്ടർ പ്രതിരോധമരുന്നുകൾ വീടുകളിൽ കൊടുക്കാൻ ബിജെപി പ്രവർത്തകരുടെ കയ്യിൽ നൽകി എന്ന വിവരം പരിശോധിക്കണം. സാധാരണ ആരോഗ്യ പ്രവർത്തകരാണ് ഇത് ചെയ്യുന്നത്. **(ചുമതല - ആയുഷ് വകുപ്പ്)**
19. കൊല്ലത്തെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കൂടിയായ ആശാ പ്രവർത്തകയ്ക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇവർ പലയിടങ്ങളും സന്ദർശിച്ചിട്ടുണ്ട്. ഇത് നന്നായി പരിശോധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
20. പല സ്ഥലങ്ങളിലും മരുന്നിന്റെ ലഭ്യതയിൽ കുറവുണ്ട് എന്നാണ് പറയുന്നത്. തിരുവനന്തപുരം, വയനാട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ക്യാൻസർ മരുന്ന് കുറവ് വന്നിട്ടുണ്ട്. വയനാട് ജില്ലയിൽ 60 ശതമാനം മെഡിക്കൽ സ്റ്റോറുകളിലും ഈ മരുന്ന് ലഭ്യത കുറവാണ്. അതുപോലെ ഹൃദയസംബന്ധമായ അസുഖങ്ങൾക്കുള്ള മരുന്ന് വയനാട്, കണ്ണൂർ കാസർകോട് ജില്ലകളിൽ കുറവുണ്ട്. തിരുവനന്തപുരം, കോഴിക്കോട് ഗ്രാമീണ മേഖലയിലും മരുന്ന് ലഭ്യതയിൽ കുറവുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്കുള്ള മരുന്നുകളിലും ചെറിയതോതിൽ കുറവുണ്ട്. ഇക്കാര്യം

അടിയന്തിരമായി ശ്രദ്ധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്, കെ എം എസ് സി എൽ)**

21. നിർമ്മാണ പ്രവർത്തനങ്ങൾ നമ്മൾ ഉദ്ദേശിച്ച രീതിയിൽ ആരംഭിച്ചിട്ടില്ല. അതുപോലെ തന്നെ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം ഒരു പ്രധാന കാരണമായി വരുന്നുണ്ട്. സ്റ്റോക്ക് ഉള്ളവർ കൂടുതൽ വിലയീടാക്കുന്നു. ഇത് പരിശോധിക്കണം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
22. കൊല്ലത്ത് ചാത്തന്നൂർ മലങ്കര ഓർത്തഡോക്സ് പള്ളിയിൽ ഉച്ചഭാഷിണി ഉപയോഗിച്ച് ആരാധന നടത്തിയതിന് ചാത്തന്നൂർ പോലീസ് കേസെടുത്തിട്ടുണ്ട്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
23. തൃശ്ശൂരിലെ ചില ഭാഗത്ത് തട്ടുകടകളിൽ ആളുകൾ ഇരുന്ന് ഭക്ഷണം കഴിക്കുന്നതായി കാണുന്നു .ഇത് അനുവദിക്കാൻ പാടില്ല. **(ചുമതല - തദ്ദേശ സ്വയംഭരണ, ആഭ്യന്തര വകുപ്പ്)**
24. പൊലീസ് ഏർപ്പെടുത്തിയ ബൈക്ക് സ്ക്വാഡ് വളരെ ഫലപ്രദമായ ഒരു സംവിധാനമായി മാറി. പെട്ടെന്ന് വീടുകളിൽ എത്തിച്ചേരാൻ വളരെ ഫലപ്രദമാണ് അത്. ഇത് കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
25. കൂടുതൽ ആളുകൾ തിരിച്ചെത്തുന്ന സാഹചര്യത്തിൽ നാം കൂടുതൽ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
26. വിദേശത്തു നിന്നും വരുന്ന ആളുകളെപ്പറ്റിയുള്ള വിവരങ്ങൾ പോലീസിന് ലഭ്യമല്ല എന്ന് പറയുന്നു. എല്ലാ ആളുകളെയും പറ്റിയുള്ള വിവരം പോലീസ്, ആരോഗ്യവകുപ്പ്, നമ്മുടെ തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർക്ക് നൽകേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
27. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ യോജിച്ച പ്രവർത്തനം വേണ്ടതാണ്. ചില സ്ഥലത്ത് വാർഡ്തല സമിതി ഇല്ലാത്തത് നാം പരിശോധിക്കണം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
28. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുകയാണ്. എന്നാൽ ചില സ്വകാര്യ ട്യൂഷൻ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നത് അനുവദിക്കാൻ പാടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുമ്പോൾ അവർക്കും പ്രവർത്തിക്കാവുന്നതാണ്. **(ചുമതല - വിദ്യാഭ്യാസ വകുപ്പ്)**
29. ആശുപത്രികളിൽ തിരക്ക് വർദ്ധിക്കുമ്പോൾ അത് നിയന്ത്രിക്കാൻ നാം ശ്രദ്ധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
30. റെഡ് സോൺ മേഖലകളിൽ കോടതി പ്രവർത്തനം അനുവദിക്കരുതെന്ന് ഹൈക്കോടതി ഉത്തരവ് കാരണം കണ്ണൂർ, കോട്ടയം ജില്ലകളിലെ കോടതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഇവിടത്തെ കണ്ടയിന്മെന്റ് സോണിൽ മാത്രമേ ഇത് ബാധകം ആകേണ്ടതുള്ളൂ. **(ചുമതല - നിയമ ആഭ്യന്തര വകുപ്പുകൾ)**
31. എയിഡ്സ് രോഗികളുടെ പെൻഷൻ മാസങ്ങളായി മുടങ്ങിക്കിടക്കുന്നതായി കാണുന്നു .ഇത് എത്രയും പെട്ടന്ന് നൽകേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
32. ഗൾഫിലെ പ്രവാസി വിദ്യാർത്ഥികൾക്ക് നീറ്റ് ഉൾപ്പെടെയുള്ള പ്രവേശന പരീക്ഷകൾ എഴുതുന്ന കാര്യത്തിൽ വലിയ ആശങ്കയുണ്ട്. ഇത് സംബന്ധിച്ച് പ്രധാനമന്ത്രിക്ക് ഒരു കത്ത് അയച്ചിട്ടുണ്ട്. **(ചുമതല - വിദ്യാഭ്യാസ വകുപ്പ്)**
33. നമ്മൾ തുണി കട തുറന്നു പ്രവർത്തിക്കാൻ പറഞ്ഞിട്ടും ചില സ്ഥലങ്ങളിൽ തുണിക്കടയുടെ ഒന്നും രണ്ടും നിലകൾ മാത്രമാണ് തുറക്കുന്നത്. ഇതിൽ ആശയ കുഴപ്പമുണ്ട്. നിലവിലെ സ്ഥിതി എല്ലായിടത്തും ഒരുപോലെ തുടരുന്നതാണ് നല്ലത്. **(ചുമതല - വ്യവസായ, തദ്ദേശസ്വയംഭരണ വകുപ്പ്)**

34. തിരുവല്ലയിൽ തന്നെയുള്ള വലിയ വീടുകൾ ക്വാറന്റയിൻ കേന്ദ്രങ്ങളായി പ്രഖ്യാപിച്ച് അവിടെ താമസ അനുമതി നൽകാവുന്നതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
35. പത്ത് വയസ്സിൽ താഴെയുള്ള കുട്ടികളെയും കൊണ്ട് ഷോപ്പിംഗ് പോകുന്നത് ഒഴിവാക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ, ആഭ്യന്തര വകുപ്പ്)**
36. ഡോക്ടർ ഇക്ബാൽ പറഞ്ഞ കാര്യങ്ങൾ പ്രസക്തമാണ്. എന്നാൽ നമ്മൾ പറഞ്ഞത് കൊണ്ട് മാത്രം അതിനു പരിഹാരമാകില്ല. അത് വിശദമായി പിന്നെ ചർച്ച ചെയ്യാം. അതോടൊപ്പം ഈ കാര്യങ്ങൾ കേന്ദ്രത്തെ അറിയിക്കാവുന്നതുമാണ്. **(ചുമതല - ധനകാര്യ, ആരോഗ്യ വകുപ്പ്)**
37. പരീക്ഷ നടത്തുന്നതുമായി ബന്ധപ്പെട്ട് സ്കൂളുകളുടെ സജ്ജീകരണം ഉണ്ടാക്കാൻ വിദ്യാഭ്യാസമന്ത്രിയോട് പറഞ്ഞിട്ടുണ്ട്. ആവശ്യമായ സൗകര്യങ്ങൾ വേണം എന്ന് മാത്രമല്ല എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബസ് ഉപയോഗിച്ചാൽ കുട്ടികളെ കൊണ്ടു വരാൻ സാധിക്കും എന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. **(ചുമതല - വിദ്യാഭ്യാസ വകുപ്പ്)**
38. പലവ്യഞ്ജന കിറ്റ് ഒരു തവണ വിളിച്ചു വേണ്ടെന്നു പറഞ്ഞു എന്ന് കരുതി പിന്നീടു വേണം എന്നു തോന്നിയാൽ നാം നൽകേണ്ടതാണ്. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
39. സ്റ്റുഡിയോകൾക്ക് തുറന്നു പ്രവർത്തിക്കുവാൻ അനുമതി നൽകാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**

യോഗം 4.20 ന് അവസാനിച്ചു

20/5/20

പിണറായി വിജയൻ
മുഖ്യമന്ത്രി

**അനുബന്ധം 1**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ